# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34 — 19.03.2013-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

### കേന്ദ്ര ബജറ്റും സംസ്ഥാന ആവശ്യങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കേന്ദ്ര ബജറ്റിനു മുന്നോടിയായി കേന്ദ്രം വിളിച്ചു ചേർത്ത ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ആവശ്യപ്പെട്ട എന്തെല്ലാം കാര്യങ്ങൾ 2013-14-ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കപ്പെടുകയുണ്ടായി; വിശദമാക്കാമോ;<br><br>(ബി) കേരളത്തിൻെറ സമഗ്ര വികസനത്തിനായി മുന്നോട്ടുവച്ച ആവശ്യങ്ങൾ എത്രയായിരുന്നു; അവ ഏതൊക്കെ; അവയിൽ എത്രയെണ്ണം പൂർണ്ണമായി പരിഗണിക്കപ്പെടുകയുണ്ടായി; വിശദമാക്കാമോ; | കേരളത്തിൻെറ സമഗ്ര വികസനത്തിന് ഉതകുംവിധം വിവിധ മേഖലകളിലായി ഇരുപത്തി നാലോളം ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഭാഗികമായി പരിഗണിക്കപ്പെട്ടതായി മനസ്സിലാക്കാം.<br><br>(1) തെങ്ങിൻെറ പുനർ കൃഷിയും<br>തെങ്ങുംതോട്ടങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും കേരള സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 75 കോടി രൂപ ബജറ്റിൽ വകയിരുത്തി.<br><br>(2) ചരക്ക് - സേവന നികുതി സമ്പ്രദായം<br>നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മറ്റു സംസ്ഥാനങ്ങളോടൊപ്പം കേരളവും ആവശ്യപ്പെട്ടതനുസരിച്ച് GST നടപ്പിലാക്കുന്നതിനു മുന്നോടിയായിട്ടുള്ള ഭരണഘടനാ ഭേദഗതിയും കേന്ദ്ര വില്പന നികുതിയിലുണ്ടായിട്ടുള്ള വരുമാന നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതിയും എത്രയുംപെട്ടെന്ന് തുടങ്ങി വയ്ക്കുന്നതായിരിക്കും എന്ന സൂചന ബജറ്റ് പ്രസംഗത്തിൽ വ്യക്തമാണ്. |

(3) ആരോഗ്യ സംരക്ഷണ മേഖലയിൽ കേരളത്തിൻെറ സ്വന്തമായ ആയുർവേദത്തിന് പ്രാധാന്യം കൊടുക്കണമെന്ന് ആവശ്യം പരിഗണിച്ച് ആയുർവേദത്തെ ദേശീയ ആരോഗ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന പ്രഖ്യാപനം ബജറ്റ് പ്രസംഗം മുഖേന നടത്തിയിട്ടുണ്ട്.

(4) കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കി എടുക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യത്തിന്മേൽ പ്രസ്തുത കേന്ദ്ര ധനസഹായ പദ്ധതികളുടെ നടത്തിപ്പിൽ ആവശ്യമായ പുനക്രമീകരണങ്ങൾ നടത്തുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

(5) കൂടാതെ കാർഷിക മേഖലയിൽ കൂടുതൽ ഫണ്ട് അനുവദിക്കലും ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ പ്രോത്സാഹനങ്ങളും സമാന്തര ഊർജ്ജ മേഖലയിൽ കൂടുതൽ കേന്ദ്ര ധനസഹായം, മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ധനസഹായ പദ്ധതി, മുതിർന്ന പൗരന്മാർക്ക് പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതി, ഗ്രാമീണ ആരോഗ്യ മേഖലയിൽ കുടുതൽ ധനസഹായം, ശാസ്ത്ര സാങ്കേതിക മേഖലയിൽ കൂടുതൽ ധനസഹായം, SSA/MDM വിദ്യാഭ്യാസ പദ്ധതികൾക്ക് കൂടുതൽ ധനസഹായം, വനിത നിർഭയ ഫണ്ടിൽ 1000 കോടി രൂപ, നൈപുണ്യ വികസനത്തിന് യുവാക്കൾക്ക് 1000 കോടി രൂപ, ദരിദ്രമേഖലയ്ക്ക് നേരിട്ട് ആനുകൂല്യങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ ആവശ്യപ്പെട്ടതല്ലെങ്കിലും കേരളത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

കേരളത്തിലെ ഇടുക്കിയിലും കുട്ടനാട്ടിലും അത്യുല്പാദന ശേഷിയുള്ള കന്നുകാലി വളർത്തലിനും, കാലിതീറ്റയ്ക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതാകുന്നു.

| | | |
|---|---|---|
| (സി) | കേന്ദ്ര ബജറ്റിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ മറ്റെന്തൊക്കെയാണെന്ന് വിശദമാക്കാമോ? | 1986-ൽ നിലവിൽ വന്ന മഹിളാസമാഖ്യം പ്രോഗ്രാം അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ സ്ത്രീ ജനങ്ങളുടെ വിദ്യാഭ്യാസത്തിനും സ്ത്രീ ശാക്തീകരണത്തിനും വേണ്ടി കേരള സംസ്ഥാനത്തിനുംകൂടി പ്രയോജനം വരുന്ന രീതിയിൽ രണ്ട് കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.. ലോകബാങ്കിൻെറ ധനസഹായത്തോടുകൂടി കേരളം, മദ്ധ്യപ്രദേശ്, ഒറീസ്സ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ 223 ഡാമുകൾ പുനർ നിർമ്മാണത്തിനും നവീകരണത്തിനുമായി 2013–14 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം 28.88 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രോഗ്രാം വിഭാവന ചെയ്തിരിക്കുന്നത് 6 വർഷത്തേയ്ക്കാണ്. കൂടാതെ കൊച്ചി മെട്രോ പദ്ധതിയ്ക്കായി 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ